റേഷൻ മൊത്തവ്യാപാര ഏജൻസി

564 [770] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റേഷൻ മൊത്തവ്യാപാരം സിവിൽസപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

റേഷൻ മൊത്തവിതരണം ഏറ്റെടുത്ത് നടത്താൻ സിവിൽസപ്ലൈസ് കോർപ്പറേഷൻ സന്നദ്ധമല്ലാത്തതുകൊണ്ട് റേഷൻ മൊത്തവിതരണം അവരെ ഏൽപ്പിക്കുവാൻ നിർവ്വാഹമില്ല.

റേഷൻകട ഉടമകളുടെ കളക്ടറേറ് പിക്കറിംഗ്

565 [771] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 സെപ്റ്റംബർ മാസം ഓണ വാരത്തിൽ സൗജന്യ റേഷൻ കൊടുത്ത ഇനത്തിൽ റേഷൻകട ഉടമകൾക്ക് പൈസ കിട്ടാത്ത നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് അവർ നടത്തിയ കളക്ടറേറ് പിക്കറിംഗും പ്രതിഷേധവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വകയിൽ കൊടുക്കാനുള്ള തുക എത്ര ; അതിൽ എത്ര തുക കൊടുത്തു ; ബാക്കി എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

പിറവത്തൊരു മാവേലിസ്റ്റോർ

566 [772] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവത്തൊരു മാവേലിസ്റ്റോർ തുടങ്ങണമെന്ന ആവശ്യം ഗവൺമെൻറ് പരിഗണിക്കുമോ ;

(ബി) അതിൻെറ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിറവത്ത് മാവേലിസ്റ്റോർ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുമോ എന്നകാര്യം പരിശോധിക്കുകയാണ്.

മാവേലിസ്റ്റോർ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ

567 [773] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മാവേലിസ്റ്റോറുകൾവഴി എന്തെല്ലാം ഭക്ഷ്യസാധനങ്ങളാണ് വിതരണം ചെയ്യുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഓരോന്നിന്റെയും വില എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) താഴെ പറയുന്ന ഭക്ഷ്യസാധനങ്ങളാണ് അവയ്ക്കെതിരെ കാണിച്ചിട്ടുള്ള വിലയ്ക്ക് മാവേലിസ്റ്റോറുകളും മുഖേന വിതരണം ചെയ്യുന്നത്.

(ബി)	1.	പുഴുക്കലരി	കി.	3.25 രൂപ
	2.	മൈദ	,,	3.10 ,,
	3.	സൂജിറവ	,,	3.10 ,,
	4.	വെളിച്ചെണ്ണ	,,	19.00 ,,
	5.	പാംഓയിൽ	,,	15.00 ,,
	6.	ചെറുപയർ	,,	6.50 ,,
	7.	ചെറുപയർ പരിപ്പ്	,,	7.00 ,,
	8.	കടല—വലുത്	,,	6.90 ,,
		കടല—ചെറുത്	,,	6.20 ,,
	9.	ഉഴുന്ന്	,,	4.60 ,,
	10.	ഉഴുന്നുപരിപ്പ്	,,	4.75 ,,
	11.	ഉഴുന്ന് പൊളി	,,	4.50 ,,
	12.	വൻപയർ	,,	5.90 ,,
	13.	തുവരപ്പരിപ്പ്	,,	6.90 ,,
	14.	പീസ് പരിപ്പ്	,,	5.50 ,,
	15.	മുളക്	,,	7.90 ,,
	16.	മല്ലി	,,	14.00 ,,
	17.	കടുക്	,,	7.50 ,,
	18.	ജീരകം	,,	23.00 ,,
	19.	ഉലുവ	,,	5.00 ,,
	20.	മഞ്ഞൾ	,,	8.75 ,,
	21.	വാളൻപുളി	,,	9.90 ,,
	22.	ശർക്കര	,,	5.00 ,,
	23.	പഞ്ചസാര	,,	5.80 ,,
	24.	ശബരി തേയില	,,	22.50 ,,
		(മൂന്നിനങ്ങൾ)	,,	24.00 ,,
			,,	27.50 ,,
	25.	കായം	100 ഗ്രാം പാക്കറ്റ്	6.00 ,,

പാമോലിൻ വിതരണത്തിലുണ്ടാകുന്ന നഷ്ടം

568 [774] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ എണ്ണയായ പാമോലിൻ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നത് നഷ്ടം സഹിച്ചുകൊണ്ടാണോ ;

(ബി) ആണെങ്കിൽ, 1985-86 വർഷം നേരിടേണ്ടിവന്ന നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly